# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3895** **21.06.2018- ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പിൽ പ്രൊഫഷണലിസം.

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.കെ.സി. ജോസഫ്**<br>**ശ്രീ. അടൂർ പ്രകാശ്**<br>**ശ്രീ. എ.പി.അനിൽ കുമാർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ സഹകരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സഹകരണ മേഖലയ്ക്ക് ഒരു സമഗ്ര നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും കരട് നയം സർക്കാർ അംഗീകരിച്ച് പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | കാലത്തിനനുസൃതമായി സഹകരണ വകുപ്പിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ് സോഫ്റ്റ് വെയർ അധിഷ്ഠിതമാക്കുകയും ചെയ്തു. വകുപ്പിന് കീഴിൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുകയും, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും, എല്ലാ ഉദ്യോഗസ്ഥർക്കും വേണ്ട പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. വകുപ്പിലെ എല്ലാ ഗസറ്റഡ് ഓഫീസർമാർക്കും സി.യു.ജി സംവിധാനമുള്ള മൊബൈൽ കണക്ഷനുകൾ ലഭ്യമാക്കി. |
| (സി) | സഹകരണ സംഘങ്ങളിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ദേവികുളം എന്നീ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്ക് വഴി പദ്ധതി നടപ്പിലാക്കുന്നതിന് ബാക്ക് എൻഡ് സബ്സിഡിയായി 2017-18 ൽ 2 കോടി രൂപ അനുവദിച്ചു നൽകി. സെന്റ് ഒന്നിന് 500 രൂപയാണ് സബ്സിഡി. പദ്ധതി ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ ജൈവകൃഷി രീതി അവലംബിക്കേണ്ടതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതം സഹകരണം 2018-19 വർഷത്തിൽ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേരളബാങ്ക് രൂപീകരണത്തോടെ സംസ്ഥാന സഹകരണ ബാങ്കുകളെ/ജില്ലാ സഹകരണ ബാങ്കുകളെ ന്യൂ ജനറേഷൻ ബാങ്കുകളുടെ പ്രൊഫഷണൽ നിലവാരത്തിലേക്കാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാന സഹകരണ ബാങ്കും, 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചു കൊണ്ടുള്ള കേരള ബാങ്കിന്റെ രൂപീകരണത്തോടെ ഇവയെ പ്രൊഫഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ സാധിക്കുമെന്ന് കരുതുന്നു.<br>മറ്റ് ന്യൂജനറേഷൻ/വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുന്ന തരത്തിൽ സാധാരണക്കാരുടെ സൗകര്യങ്ങൾ നൽകാൻ കഴിയുന്ന തരത്തിലുമാണ് നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**